സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളെ സ്വയം പര്യാപ്തമാക്കുന്ന സംഗതി – സ്ഥിരം ജീവനക്കാരെ നൈറ്റ് ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കി വിമുക്തഭടന്മാരെ നിയോഗിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 12797/16/Est-2** നന്തൻകോട്, **15/10/2016**

---

പരാമർശം :– 1) 20–09–2016 –ൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് ആസ്ഥാനത്ത് വച്ച് കൂടിയ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറുടെ കോൺഫറൻസിലെ തീരുമാനം.

2) 15–10–2016 ലെ ROC 8525/2012/Est-1 നമ്പർ ഉത്തരവ്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ക്ഷേത്രങ്ങളിലെ രാത്രികാല സുരക്ഷക്കായി നൈറ്റ് ഡ്യൂട്ടി കൂടി കണക്കിലെടുത്താണ് ദേവസ്വങ്ങളിൽ സ്ഥിരം ജീവനക്കാരുടെ തസ്തിക അനുവദിച്ചിരിക്കുന്നത്. സുരക്ഷാ ക്രമീകരണങ്ങൾ കുറഞ്ഞ ചെലവിൽ ഒരുക്കാമെന്നിരിക്കെ വൻ ബാദ്ധ്യത വരുത്തിക്കൊണ്ട് സ്ഥിരം ജീവനക്കാരുടെ സ്ട്രെങ്ത് ഇതിലേക്കായി നിലനിർത്തുന്നത് ഡിപ്പാർട്ടുമെന്റിന് വൻ സാമ്പത്തിക ബാദ്ധ്യത വരുത്തുന്നതിനാൽ ദേവസ്വങ്ങളിൽ നൈറ്റ് ഡ്യൂട്ടിക്കായി വിമുക്തഭടന്മാരെ നിയോഗിക്കുന്നതിനും ഇതിനനുസൃതമായി നിലവിലുള്ള സ്ഥിരം ജീവനക്കാരുടെ എണ്ണം ക്രമപ്പെടുത്തുന്നതിനും 20–09–2016 ലെ ചർച്ചയിൽ തീരുമാനിച്ചിട്ടുള്ളതാണ്.

ഈ സാഹചര്യത്തിൽ ഏതെല്ലാം ക്ഷേത്രങ്ങളിൽ ഇപ്രകാരം ക്രമപ്പെടുത്തലുകൾ വരുത്താം എന്നത് സംബന്ധിച്ച് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, അഡ്മിനിസ്ട്രേറ്റീവ് ആഫീസർ/സബ്ഗ്രൂപ്പ് ആഫീസർ എന്നിവരുടെ യോഗം ഒരോ ജില്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ വിളിച്ച് ചേർത്ത് രണ്ടാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജില്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാരെയും ചുമതലപ്പെടുത്തി ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

**സെക്രട്ടറി**

പകർപ്പ് :–

1. ദേവസ്വം കമ്മീഷണർ
2. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, തിരുവനന്തപുരം
3. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, ഹരിപ്പാട്
4. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, പത്തനംതിട്ട
5. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, വൈക്കം
6. EDP Section
7. സെക്ഷൻ ഫയൽ
8. ഫയൽ ബുക്ക്
9. ഫെയർ ആഫീസ് കോപ്പി.

SK